(സി) 48 മണിക്കൂറിൽ കൂടുതൽ പോലീസ് കസ്റ്റഡിയിൽ വച്ചിരിക്കുന്ന ജീവനക്കാരനെ പ്രസ്തുത റൂൾ പ്രകാരം സസ്പെന്റ് ചെയ്യാവുന്നതാണ്.

(ഡി) തിരുവനന്തപുരം പോലീസ് കമ്മീഷണറുടെ 16.12.'99-ലെ കത്തിൽ ശ്രീ. വിജയനെ ക്രിമിനൽ കേസിൽ അറസ്റ്റുചെയ്യുകയും കോടതി റിമാന്റ് ചെയ്യുകയും ചെയ്തു എന്ന് അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിജയനെ സസ്പെന്റ് ചെയ്യുകയാണുണ്ടായത്. എഫ്.ഐ. ആറിന്റെ പകർപ്പ് ലഭിച്ചിരുന്നില്ല.

(ഇ)-(ജി) സർവീസിൽ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. വിജയന്റെ പരാതി 14.1.2000-ൽ ലഭിച്ചു. പ്രസ്തുത പരാതി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് വരുത്തി പരിശോധിച്ചു വരികയാണ്.

ബ്ളഡ് കംപോണന്റ് സെപ്പറേഷൻ

153(1641)ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് എന്നു മുതൽ പ്രവർത്തനസജ്ജമാകും;

(ബി) ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ബ്ളഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുവാൻ വേണ്ട സ്ഥലസൗകര്യങ്ങൾ ലഭ്യമായിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങളും ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇൻഡ്യയിൽ നിന്ന് ലൈസൻസും ലഭിച്ചുകഴിഞ്ഞാൽ ബ്ളഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനസജ്ജമാകും.

കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും നൂല് കാണാതായ സംഭവം

154(1642)ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും നൂല് കാണാതായ സംഭവുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തിയായോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ്;

(ബി) അന്വേഷണത്തിൽ ആരെങ്കിലും കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) കുറ്റക്കാരെന്ന് കണ്ടെത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly